പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 283 **12-10-2026-ൽ മറുപടിയ്ക്ക്**

ഓണക്കാലത്തെ അരിവില

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) 2025 ലെ ഓണക്കാലത്ത് (ഓഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 4 വരെ) റേഷൻകടകൾ വഴിയും സപ്ലൈകോ വഴിയും വിവിധയിനം കാർഡുകൾ മുഖേന എത്ര കിലോ അരി എത്ര രൂപ നിരക്കിൽ വിതരണം ചെയ്തു എന്ന് വിശദമാക്കാമോ; ആകെ എത്ര ക്വിന്റൽ അരി സംസ്ഥാനമൊട്ടാകെ വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ;

മറുപടി: 2025 ആഗസ്റ്റ് മാസത്തിലെ ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്തെ റേഷൻകടകൾ വഴിയും സപ്ലൈകോ വഴിയും വിതരണം ചെയ്ത അരിയുടെ വിശദാംശം **അനുബന്ധം 1 ആയി** ചേർക്കുന്നു.

2025 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനമൊട്ടാകെ വിവിധ വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് Normal + Fortified + Special വിഭാഗങ്ങളിലായി റേഷൻകടകൾ വഴി വിതരണം ചെയ്ത അരിയുടെ ആകെ അളവ് **13,39,65** മെട്രിക് ടൺ, സപ്ലൈകോ വഴി വിതരണം ചെയ്ത അരിയുടെ ആകെ അളവ് 12575.45 മെട്രിക് ടൺ ആണ്. (ആകെ 146540.45 മെട്രിക് ടൺ)

(ബി) 2026 ഓണക്കാലത്ത് ആഗസ്റ്റ് മാസം റേഷൻകടകൾ വഴിയും സപ്ലൈകോ വഴിയും വിവിധയിനം കാർഡുകൾ മുഖേന എത്ര കിലോ അരി എത്ര രൂപ നിരക്കിൽ വിതരണം ചെയ്യുന്നു എന്ന് വിശദമാക്കാമോ; ആകെ എത്ര ക്വിന്റൽ അരി സംസ്ഥാനമൊട്ടാകെ വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ?

മറുപടി: 2026 ആഗസ്റ്റ് മാസത്തിലെ ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്തെ റേഷൻകടകൾ വഴിയും സപ്ലൈകോ വഴിയും വിതരണം ചെയ്ത അരിയുടെ വിശദാംശം **അനുബന്ധം 2** ആയി ചേർക്കുന്നു.

2026 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനമൊട്ടാകെ വിവിധ വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് Normal + Fortified + Special വിഭാഗങ്ങളിലായി റേഷൻകടകൾ വഴി വിതരണം ചെയ്ത അരിയുടെ ആകെ അളവ് **12,34,05** മെട്രിക് ടൺ, സപ്ലൈകോ വഴി വിതരണം ചെയ്ത അരിയുടെ ആകെ അളവ് 11733.56 മെട്രിക് ടൺ ആണ്. (ആകെ 135138.56 മെട്രിക് ടൺ)

സെക്ഷൻ ഓഫീസർ

അനുബന്ധം 1

കാർഡ് വിഭാഗം	റേഷൻ വിഹിതത്തിന്റെ വിവരങ്ങൾ (2025 ഓഗസ്റ്റ്)
അന്ത്യോദയ അന്ന യോജന (AAY)	AAY കാർഡുടമകൾക്ക് 30 കിലോ അരിയും 2 കിലോ ഗോതമ്പും സൗജന്യമായും, 3 പാക്കറ്റ് ആട്ട 7 രൂപ നിരക്കിലും, 1 കിലോ പഞ്ചസാര 27 രൂപ നിരക്കിലും വിതരണം ചെയ്തിട്ടുണ്ട്
മുൻഗണന വിഭാഗം (PHH)	PHH കാർഡിലെ ഓരോ അംഗത്തിനും 4 കിലോ അരിയും 1 കിലോ ഗോതമ്പും സൗജന്യമായി നൽകി. കാർഡിന് അനുവദിച്ചിട്ടുള്ള ആകെ ഗോതമ്പിന്റെ അളവിൽ നിന്ന് 4 കിലോ കുറച്ച്, അതിന് പകരം 4 പാക്കറ്റ് ആട്ട 9 രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. കൂടാതെ, ആഗസ്റ്റ് മാസത്തിൽ PHH കാർഡിന് അധിക വിഹിതമായി 5 കിലോ അരി കിലോയ്ക്ക് 10.90 രൂപ നിരക്കിലും വിതരണം ചെയ്തിട്ടുണ്ട്.
പൊതു വിഭാഗം സബ്സിഡി (NPS)	NPS കാർഡിലെ ഓരോ അംഗത്തിനും 2 കിലോ അരി വീതം കിലോയ്ക്ക് 4 രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, ആഗസ്റ്റ് മാസത്തിൽ NPS കാർഡിന് അധിക വിഹിതമായി 10 കിലോ അരി കിലോയ്ക്ക് 10.90 രൂപ നിരക്കിലും വിതരണം ചെയ്തിട്ടുണ്ട്
പൊതു വിഭാഗം (NPNS)	NPNS കാർഡുടമകൾക്ക് ആഗസ്റ്റ് മാസത്തിൽ 15 കിലോ അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.
പൊതു വിഭാഗം സ്ഥാപനം (NPI)	NPI കാർഡുടമകൾക്ക് 2 കിലോ അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

സപ്ലൈകോ വഴി വിവിധ ഇനം റേഷൻകാർഡ് മുഖേന വിതരണം ചെയ്ത സബ്സിഡി അരിയുടെയും OMSS അരിയുടെയും വിശദാംശങ്ങൾ

2025 ഓണക്കാലം (01-08- 25 to 04-09- 25) 35 ദിവസം				
ക്രമ നം.	**ഇനം**	**വിൽപ്പനവില**	**അളവ് (in MT)**	**ആകെ വിൽപ്പനവില കോടി രൂപയിൽ**
1	ജയഅരി സബ്സിഡി	33	3706.55	12.23
2	മട്ട അരി സബ്സിഡി	33	2219.62	7.32
3	കുറുവ അരി സബ്സിഡി	33	3219.40	10.62
4	പച്ചരി സബ്സിഡി	29	0.10	0.00
5	പുഴുക്കലരി OMSS	25	1853.17	4.63
6	പച്ചരി OMSS	25	1576.61	3.94
ആകെ			**12575.45**	**38.74**